**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **09-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യ സംസ്കരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കാത്തത് കാരണം അവിടങ്ങളിലെ ശുചിമുറികളുടെയും വാർഡുകളുടെയും വൃത്തിഹീനമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം സംവിധാനങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. വാർഡുകൾ, ഒ.പി. കൾ, തീയറ്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം കളർകോഡ് ചെയ്ത ബക്കറ്റുകളിൽ ശേഖരിക്കപ്പെടുന്നു. ഉറവിടത്തിൽ ശേഖരിക്കപ്പെടുന്ന ഈ മാലിന്യങ്ങളിലെ ബയോമെഡിക്കൽ മാലിന്യം ഉറവിടത്തിൽ തന്നെ ടാഗ് ചെയ്ത് സുരക്ഷിതമാക്കുന്നു. തുടർന്ന് ബയോമെഡിക്കൽ മാലിന്യം മാത്രം ശേഖരിക്കുന്നതിന് നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ അതാത് ദിവസം ശേഖരിച്ച് സെൻട്രൽ സ്റ്റോറേജ് സ്റ്റേഷനിൽ എത്തിക്കുന്നു. ഈ മാലിന്യം KEIL (Kerala Environment Infrastructure Limited), IMAGE എന്നീ ഏജൻസികൾ മുഖേന നിർമ്മാജ്ജനം ചെയ്യുന്നു. ടി ഏജൻസികൾ എല്ലാ ദിവസവും ബയോമെഡിക്കൽ മാലിന്യം സെൻട്രൽ സ്റ്റോറേജ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു.<br><br>ഭക്ഷണ മാലിന്യവും മറ്റു മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ബിന്നുകളിൽ സൂക്ഷിക്കുന്നു. ഉറവിടത്തിൽ നിന്നും മാലിന്യം സ്വീകരിക്കുന്നതിനുവേണ്ടി വിവിധ ഷിഫ്റ്റുകളിലായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർ അതാത് ഭക്ഷണ മാലിന്യം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ആയവ നിർമ്മാജ്ജനം ചെയ്യുന്നു.<br><br>വാർഡുകൾ വിവിധ ഷിഫ്റ്റുകളിലായി ഗ്രേഡ് 2 അറ്റൻഡൻറുമാർ തുത്തുതുടച്ച് വൃത്തിയാക്കുന്നുണ്ട് ശുചിമുറികൾ 3 നേരം വൃത്തിയാക്കുന്നുണ്ട്. വാർഡുകളിൽ ഉണ്ടാകുന്ന ബയോമെഡിക്കൽ |

| | | | |
|---|---|---|---|
| | | | മാലിന്യങ്ങൾ ഒഴികെയുള്ളവയിൽ ആഹാര അവശിഷ്ടങ്ങൾ, പേപ്പർ, പ്ലാസ്റ്റിക് കുപ്പികൾ എന്നിങ്ങനെ തരംതിരിച്ച് ഓരോ ദിവസവും വാർഡിനു പുറത്ത് എത്തിക്കുന്നു. ഭക്ഷണ മാലിന്യം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു പേപ്പർ വേസ്റ്റുകൾ ഇൻസിനറേറ്ററിൽ എത്തിച്ച് കത്തിച്ചുകളയുന്നു, കുപ്പികൾ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ കരാറുകാരനു നൽകിയും സുരക്ഷിതമായി സംസ്കരിച്ചു വരുന്നു.<br><br>മുൻകാലത്തെ അപേക്ഷിച്ച് സർക്കാർ ആശുപത്രികളിലേയ്ക്ക് എത്തുന്ന രോഗികളുടെ എണ്ണം വളരെയധികം വർദ്ധിച്ചതിന്റെ ഫലമായി മാലിന്യ നിർമ്മാർജ്ജനത്തിലും, ശുചീകരണത്തിനും ഉണ്ടാകാൻ സാധ്യതയുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബജറ്റിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗിയെ എലി കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിരുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട് വിശദമായ ഒരു അന്വേഷണം നടത്തിയിരുന്നു. കാഷ്വാൽറ്റി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ., എമർജൻസി മെഡിസിൻ വിഭാഗം വകുപ്പ് മേധാവി, ചീഫ് നേഴ്സിംഗ് ഓഫീസർ, എമർജൻസി മെഡിസിൻ വിഭാഗം ചുമതലയുള്ള സീനിയർ നേഴ്സിംഗ് ഓഫീസർ, ഓഫീസർ-ഇൻ ചാർജ്, ഹൗസ് കീപ്പിംഗ് വിഭാഗം എന്നിവർ ചേർന്നുള്ള ഒരു സമിതി ഇക്കാര്യം പരിശോധിക്കുകയും സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ പരിശോധനയിൽ സമീപത്തുള്ള ഓടയ്ക്കരികിൽ ഉണ്ടായിരുന്ന വിടവുകളിലൂടെയാണ് എലി ഈ വിഭാഗത്തിലേക്ക് പ്രവേശിച്ചത്. ഇക്കാര്യം പൊതുമരാമത്ത് വിഭാഗത്തെ അറിയിക്കുകയും ഈ സ്ഥലങ്ങൾ അടയ്ക്കുകയും സ്ലാബുകൾ ഇട്ട് ഓട മൂടുകയും ചെയ്തു. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മെഡിക്കൽ കോളേജുകളിൽ Quality Accreditation നടപടികൾ ആരംഭിക്കാൻ തീരുമാനിച്ച് നടപടികൾ തുടങ്ങിയിട്ടുണ്ട്. Quality Accreditation ലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ശുചിത്വമാണ്.<br><br>**എലി നശീകരണത്തിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.** |

വാർഡുകൾ, ഒ.പി. തുടങ്ങിയ സ്ഥലങ്ങളിലെ ഭക്ഷണ മാലിന്യം അതാത് ഷിഫ്റ്റുകളിൽ പൂർണ്ണമായി നീക്കം ചെയ്തു വരുന്നു.

വാർഡുകൾ, ഐ.സി.യു, ഒ.പി, തുടങ്ങിയ സ്ഥലങ്ങളിൽ എലിക്കെണി വച്ച് എലിയെ പിടിച്ച് നശിപ്പിക്കുന്നു.

വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സഹായത്തോടെ എലി നശീകരണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

എലികൾ കയറിവരുന്ന ദ്വാരങ്ങൾ മുതലായവ അടച്ച് ഉറപ്പ് വരുത്തുന്നു.

കോമ്പൗണ്ടുകൾ എല്ലാ ദിവസവും വൃത്തിയാക്കുന്നു. കാണപ്പെടുന്ന മാളങ്ങൾ അടച്ച് ഉറപ്പ് വരുത്തുന്നു.

മെഡിക്കൽ കോളേജ് ആശുപത്രിയിലെ എലി/കീട നശീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത് കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനും മേൽ നോട്ടച്ചുമതല ആശുപത്രിയിലെ ഹൗസ് കീപ്പിംഗ് വിഭാഗത്തിനുമാണ്. ഈ രണ്ടു വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ആശുപത്രിയിൽ ഊർജ്ജിതമായി എലി നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എല്ലാ ദിവസവും 3 പ്രാവശ്യം മെഡിക്കൽകോളേജ് ആശുപത്രിയിലെ വാർഡുകൾ ക്ലീൻ ചെയ്യുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ കാഷ്വാലിറ്റി ഉൾപ്പെടെ ക്ലീനിംഗ് അധികമായി നടത്താറുണ്ട്. ബന്ധപ്പെട്ട വാർഡുകളിലെ സീനിയർ നഴ്സിംഗ് ഓഫീസറെ (ഹെഡ്നഴ്സ്) ക്ലീനിംഗ് ഉറപ്പുവരുത്തുന്നതിനായുള്ള നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏരിയകളിലെ ക്ലീനിംഗ് സൂപ്പർവിഷനായി നഴ്സിംഗ് സൂപ്രണ്ടിനെ നിയോഗിച്ചിട്ടുണ്ട്.

ആശുപത്രി പരിസരം, ഒ.പി.ബ്ലോക്ക്, ആശുപത്രിയുടെ തറ എന്നിവയും വൃത്തിയാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുണ്ട്. ആശുപത്രി ക്ലീനിംഗിനായി സാനിട്ടേഷൻ കമ്മിറ്റി നിലവിലുണ്ട്. ആർ.എം.ഒ, ഹെൽത്ത് ഇൻസ്പെക്ടർ, ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി, ചീഫ് നഴ്സിംഗ് ഓഫീസർ ഉൾപ്പെടുന്ന ടീം രണ്ടാഴ്ചയിൽ ഒരിക്കൽ സാനിറ്ററി റൗണ്ട്സ് നടത്താറുണ്ട്. ഇത് കൂടാതെ ആശുപത്രി സൂപ്രണ്ട്, ചീഫ് നഴ്സിംഗ് ഓഫീസർ എന്നിവർ സാനിട്ടറി റൗണ്ട്സ് നടത്താറുണ്ട്.

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട അധികൃതരുടെ സഹകരണത്തോടെ വാർഡിലേക്ക് എലികൾ കടന്നു വരാനുള്ള മാർഗ്ഗങ്ങൾ അടയ്ക്കുകയും, ഓടകൾ വൃത്തിയാക്കുകയും, മെയിന്റനൻസ് വർക്ക് നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ